## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.542 — 26/04/2017-ൽ മറുപടിക്ക്

## ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആതിരപ്പള്ളി ജലവൈദ്യുതപദ്ധതി ആരംഭിക്കുവാൻ വേണ്ടി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കുവേണ്ടിയുള്ള എല്ലാ പഠനങ്ങളും നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് ഏതുവരെയായി എന്നു വ്യക്തമാക്കുമോ; | (ബി) | 138.6 ഹെക്ടർ വന ഭൂമി വനേതര പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടിക്കായി വനം വകുപ്പിനെ സമീപിച്ചിട്ടുണ്ട്. |
| (സി) | ആതിരപ്പള്ളി പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വിശദീകരിക്കുമോ? | (സി) | പദ്ധതിക്കെതിരായി ചില ആശങ്കകൾ ഉയർത്തിക്കൊണ്ട് ചില പരിസ്ഥിതി സംഘടനകളും രാഷ്ട്രീയസംഘടനകളും പ്രക്ഷോഭ രംഗത്തുണ്ട്. ഇത്തരം ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പാക്കുന്നതിന് ശ്രമിക്കണമെന്നതാണ് വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ